# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2929 07.11.2019 ൽ മറുപടിക്ക്**

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും വിവിധ വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ 13.08.2019 ലെ സ.ഉ.(കയ്യെഴുത്ത്) നം. 25/2019/ആ.സാ.വ. സർക്കാർ ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ റോഡുകളുടെ പുനർ നിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി 819 കി.മീ വരുന്ന റോഡുകൾ ആദ്യഘട്ടമായി പുനർ നിർമ്മിക്കുന്നതിന് 13.08.2019-ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം. 25/2019/ആ.സാ.വ പ്രകാരം ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള റോഡുകൾ, പ്രകൃതി ദുരന്തത്തിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക ശുപാർശകൾ അടങ്ങിയ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റുമായി 2019 ഒക്ടോബറിൽ കരാർ ഒപ്പുവച്ചു. |
| ബി) | പ്രസ്തുത ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പെരുമ്പിലാവ്-നിലമ്പൂർ റോഡിന്റെ പ്രവൃത്തി നടപ്പുവർഷം പൂർത്തിയാക്കുന്ന തരത്തിൽ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | ബി) | ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന പൊതുമരാമത്ത് റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി M/s Feedback Infra എന്ന കൺസൾട്ടൻസിയുമായി 17.10.2019-ൽ കരാർ ഒപ്പ വച്ചിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റ്, പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കിയതിനു ശേഷം ടെണ്ടർ നടപടികൾ പൂർത്തികരിച്ച് നിർമ്മാണം ആരംഭിക്കാനാണ് നിലവിൽ ലക്ഷ്യമിട്ടിട്ടുള്ളത്. |

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ മലപ്പുറം ജില്ലയിലെ പെരുമ്പിലാവ്-നിലമ്പൂർ റോഡിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി 17.10.2019-ൽ M/s L&T Infrastructure Engineering Limited എന്ന കൺസൾട്ടൻസുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. 2020 മാർച്ച് മാസത്തോടുകൂടി ഡി.പി.ആർ തയ്യാറാക്കുന്നതാണ്.

| | |
|---|---|
| സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | സി) കൺസൾട്ടന്റ്സ് റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിനുശേഷം ലോകബാങ്ക് ആംഗീകാരത്തോടുകൂടി നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ ചെയ്യേണ്ടതാണ്. അനന്തരം സാങ്കേതിക-സാമ്പത്തിക മൂല്യ നിർണ്ണയം നടത്തി കരാറുകാരനെ തെരഞ്ഞെടുക്കുകയും സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങി എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ